കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി-19-1887/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.
ഇമെയിൽ dopkd.ksad@kerala.gov.in.

ഫോൺ 04912 520145.

തീയതി: - 19.09.2018.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ്

റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി-19-1887/2018 തിയ്യതി: - 19.09.2018.

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-2017 മുതൽ 18-07-2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മാത്യു റോയ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-7-2018 മുതൽ 31-7-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കെ.ആർ.രമാദേവി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാലിനി കറുപ്പേഷ് | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ.പി.ആർ.ഉണ്ണികൃഷ്ണൻപിള്ള | 1-4-2017 മുതൽ 11-7-2017 വരെ |
| | ശ്രീ.സനൽകുമാർ.എം, അസി.സെക്രട്ടറി, (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 12-7-2017 മുതൽ 31-8-2017 വരെ |
| | ശ്രീ.പി.ആർ.ഉണ്ണികൃഷ്ണൻപിള്ള | 1-9-2017 മുതൽ 19-1-2018 വരെ |
| | ശ്രീ.വിജിൽ.വി.മോഹൻ, അസി.സെക്രട്ടറി, (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 20-1-2018 മുതൽ 21-1-2018വരെ |
| | ശ്രീ.കെ.മുരളി | 22-1-2018 മുതൽ 31-3-2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വി.എസ്.ദിലീപ്കുമാർ | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ.ശിവപ്രസാദ് | 1-4-2017 മുതൽ 22-6-2017 വരെ |
| | (ഒഴിവ്) | 23-6-2017 മുതൽ 30-6-2017 വരെ |
| | ശ്രീമതി.നിസ | 1-7-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ - 2 | ശ്രീമതി.സിന്ധു.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഉഷാദേവി.കെ.കെ | 1-4-2017 മുതൽ 10-8-2017 വരെ |
| | ശ്രീമതി.വിനോദിനി.കെ.കെ | 11-8-2017 മുതൽ 27-11-2017 വരെ |
| | ശ്രീമതി .പരമേശ്വരി .കെ.എൻ | 28-11-2017 മുതൽ 4-1-2018വരെ |
| | ശ്രീമതി.വിജയലക്ഷ്മി.കെ. കെ | 5-1-2018 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സുരേഷ്കുമാർ.ജി | 1-4-2017 മുതൽ 10-10-2017 വരെ |
| | ശ്രീമതി.ധന്യ.ടി.വി | 11-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ലീനാറാണി | 1-4-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ടി.വി.സുമിജ | 1-4-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ശ്രുതി .എം. ശിവൻ. | 1-4-2017 മുതൽ 31-03-2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.എസ്.ശെൽവമുരുകൻ | 1-4-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.മുംതാസ്.എ.വി | 1-4-2017 മുതൽ 16-04-2017 വരെ |
| | ശ്രീ.സനൽകുമാർ.എം, | 17-4-2017 മുതൽ 6-12-2017 വരെ |
| | ശ്രീ.വിജിൽ.വി.മോഹൻ, | 7-12-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രിൻസി.എസ്.ജോൺ | 1-4-2017 മുതൽ 31-03-2018 വരെ |

## ഉള്ളടക്കം

### ഭാഗം 1


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |


### ഭാഗം 2


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ | | |
| 1 | ബജറ്റ് തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 2-1 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 2-2 |

| | | |
|---|---|---|
| 3 | വസ്തു കൈമാറ്റത്തിന് നിയമാനുസൃതമല്ലാത്ത ഫീസ് ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ് | 2-3 |
| 4 | വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 2-4 |
| 5 | ഡി&ഒ ലൈസൻസ് നൽകുന്നതിലെ കാര്യക്ഷമത അഭിനന്ദനാർഹം | 2-5 |
| 6 | ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ വാടക ഈടാക്കുന്നതിൽ അപാകത | 2-6 |
| 7 | പഞ്ചായത്ത് ഓഫീസിനു മുകളിൽ പൂർത്തീകരിച്ച കോൺഫറൻസ് ഹാളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ് | 2-7 |
| 8 | വാട്ടർ ചാർജ്ജ് കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-8 |

ഭാഗം-3

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ | | |
| 1 | അസാധാരണ ചെലവുകൾ നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 3-1 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ | | |
| 2 | പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും - അവലോകനം | 3-2 |
| 3 | ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കേണ്ടതാണ് | 3-3 |
| 4 | സൃഷ്ടിക്കപ്പെട്ട ആസ്തികൾ പ്രയോജനപ്പെടുത്തുന്നില്ല-തനത് ഫണ്ടിന് നഷ്ടം | 3-4 |
| 5 | ബസ് സ്റ്റാന്റ് റോഡ് പുനരുദ്ധാരണം | 3-5 |

| | | |
|---|---|---|
| | പൂർത്തീകരിക്കാതിരുന്നിട്ടും തുടർനടപടി സ്വീകരിച്ചില്ല | |
| 6 | മുണ്ടിയൻ പറമ്പ് റോഡ് നവീകരണം-അധികം നൽകിയ തുക ഈടാക്കേണ്ടതാണ് | 3-6 |
| 7 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകുന്നതിനു മുമ്പ് എഗ്രിമെന്റ് വെച്ചില്ല | 3-7 |
| 8 | ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-8 |
| 9 | അംഗീകൃത ഗുണഭോക്തൃ ലിസ്റ്റില്ല-പദ്ധതി നടത്തിപ്പിൽ കാലതാമസം | 3-9 |
| 10 | മൃഗസംരക്ഷണമേഖലയിൽ പട്ടികജാതി വിഭാഗക്കാർക്കായി ആവിഷ്കരിക്കപ്പെട്ട പദ്ധതി നടപ്പിലാക്കിയില്ല | 3-10 |
| ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ | | |
| | സമഗ്ര മാലിന്യ സംസ്കരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 3-11 |
| 12 | പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം-ടാപ്പുകളുടെ കണക്കുകൾ കൃത്യമാക്കേണ്ടതാണ് | 3-12 |
| 13 | ഹോമിയോ മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 3-13 |
| 14 | മറ്റ് ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-14 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന വിഷയങ്ങൾ | | |
| 15 | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ് | 3-15 |
| 16 | അങ്കണവാടികളിലേക്ക് ഗ്യാസ് കണക്ഷൻ - പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത | 3-16 |

| | | |
|---|---|---|
| 17 | പി.എം.ഏ.വൈ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-17 |

ഭാഗം-4

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 30-4-18 ലെ തിയതിയിലെ തീരുമാനം നം. 10 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 18-5-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(19)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11445252 |
| വരവ് | 80343506 |
| ആകെ | 91788758 |
| ചെലവ് | 88021104 |

| | |
|---|---|
| നീക്കിയിരിപ്പ് | 3767654 |

മുൻവർഷത്തെ നീക്കിയിരിപ്പിൽ എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലെ 275 രൂപയുടെ വ്യത്യാസം തൻവർഷത്തെ മുന്നിരിപ്പിൽ ക്രമീകരിച്ചിട്ടുണ്ട്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് –ജനറൽ (എ.സി.ആർ പ്രകാരം) | 0 | 23817492 | 23817492 | 15905748 | 7911744 |
| വികസനഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 14951924 | 14951924 | 8353878 | 6598046 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 799675 | 799675 | 560000 | 239675 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 14361000 | 14361000 | 8475877 | 5885123 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 5069000 | 5069000 | 3038142 | 2030858 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10034224 | 10034224 | 10028495 | 5729 |
| കെ.എൽ.ജി. എസ്. ഡി.പി (എ.സി.ആർ പ്രകാരം) | 0 | 5223378 | 5223378 | 3763240 | 1460138 |
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 534 | 961244 | 961778 | 961197 | 581 |
| എം.എൻ. ആർ.ഇ.ജി. എസ്-തൊഴി ലാളികളുടെ വേതനം | 0 | 18103764 | 18103764 | 18103764 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ബ്ലോക്ക് പഞ്ചായത്ത് | 3433203 | 2518000 | 5951203 | 5991576 | -40373 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചായത്ത് | 0 | 2600000 | 2600000 | 2600000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2705028 | 10673000 | 13378028 | 13192634 | 185394 |
| ബി ഫണ്ട് | 0 | 519760 | 519760 | 519760 | 0 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട്-ബാങ്ക് | 2152233 | 12560564 | 14712797 | 11491154 | 3221643 |
| മറ്റിനം – ബാങ്ക് | 3154254 | 1419030 | 4573284 | 2758757 | 1814527 |
| മറ്റിനം – ട്രഷറി | 0 | 1038561 | 1038561 | 2595598 | -1557037 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 124373968 | 149 | 58331301 | | 124 | 54.58% |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 55% എണ്ണം തൻവർഷം മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 47% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 10814000 | 9789000 | 91 |
| വി.ഇ.ഒ - 1 | 8 | 7 | 12988800 | 6559000 | 50 |
| വി.ഇ.ഒ - 2 | 7 | 6 | 9127666 | 3580714 | 39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 8715993 | 4725877 | 54 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 17 | 13065782 | 8497120 | 65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 194 | 87 | 55731221 | 18457979 | 33 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 793000 | 563728 | 71 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 1 | 800000 | 700000 | 88 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 1 | 400000 | 300000 | 75 |
| വെറ്ററിനറി സർജ്ജൻ | 1 | 0 | 2760000 | 0 | 0 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 400000 | 80 |
| അസി.സെക്രട്ടറി | 12 | 9 | 8677506 | 4757883 | 55 |
| ആകെ | 273 | 145 | 124373968 | 58331301 | 47 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 534 | 961244 | 961778 | 961197 | 581 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | 18103764 | 18103764 | 18103764 | - |
| ആകെ | 534 | 19065008 | 19065542 | 19064961 | 581 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 38760 | 73 |
| 2 | കർഷകതൊഴിലാളി പെൻഷൻ | 9725400 | 803 |
| 3 | വിധവാപെൻഷൻ | 16429100 | 1375 |
| 4 | വാർദ്ധക്യകാലപെൻഷൻ | 21661900 | 1750 |
| 5 | വികലാംഗപെൻഷൻ | 3251700 | 290 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1329900 | 112 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-7-2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6643 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വസ്തു നികുതിയിലെ ഡിമാന്റ് സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല.

വസ്തു നികുതി, വാടക, ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതുവരെയുള്ള കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നുണ്ടോ എന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കിയിട്ടില്ല. വസ്തുനികുതി

കുടിശ്ശികയായി 11.15 ലക്ഷം രൂപ പിരിച്ചെടുക്കുവാനുണ്ട്.

സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക കൈകാര്യം ചെയ്യുതിലെ അപാകത സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വാങ്ങലുകൾ നടത്തുമ്പോൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ എല്ലാ ഉദ്യോഗസ്ഥരും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങളും സ്റ്റോക്ക് വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിന് സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ട്. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും നിലവിലില്ല.

വസ്തു നികുതി കണക്കാക്കുന്നതിനായി ഉപയോഗിക്കുന്ന സാംഖ്യ സോഫ്റ്റ്വെയറിൽ നിലനിൽക്കുന്ന പല സാങ്കേതിക അപാകതകളും പരിഹരിക്കപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള സങ്കേതം സോഫ്റ്റ്വെയറിൽ അപേക്ഷ വാങ്ങിയാൽ മാത്രമേ അപേക്ഷ അടുത്ത ഘട്ടത്തിലേക്ക് ഫോർവേർഡ് ചെയ്യുവാൻ സാധിക്കുന്നുള്ളൂ. സങ്കേതം സോഫ്റ്റ്വെയറിൽ ദിവസം കണക്കാക്കുന്നത് അപേക്ഷ സമർപ്പിച്ച തിയതി മുതൽക്കാണ്. ദിവസം കണക്കാക്കുന്നത് പെർമിറ്റ് ഫീസ് അടക്കുന്ന തിയതി മുതൽക്ക് ആക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. ആയത് ഉചിതമായ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

ഫ്രണ്ട് ഓഫീസിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നുണ്ട്. ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല.

ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും 2016-ന് ശേഷം പുതുക്കിയിട്ടില്ല.

വിവിധ മാന്വലുകളുടെ ഉപയോഗം

ഗ്രാമപഞ്ചായത്തിന്റേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും വിവിധ

ചുമതലകളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി കെ.എൽ.ജി.എസ്.ഡി.പിയുടെ സഹായത്തോടെ തയ്യാറാക്കുകയും സർക്കാർ അംഗീകരിച്ചിട്ടുമുള്ള വിവിധ മാന്വലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | മാന്വലിന്റെ പേര് | സർക്കാർ ഉത്തരവ് / തിയതി |
|---|---|---|
| 1 | ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.3291/16/ എൽ.എസ്.ജി.ഡി/02-12-2016 |
| 2 | ജന്റർ ബജറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1750/17/ എൽ.എസ്.ജി.ഡി/27-05-2017 |
| 3 | ഫിനാൻസ് മാനേജ്മെന്റ്(റവന്യൂ) മാന്വൽ | സ.ഉ(ആർ.ടി)നം.1833/17/ എൽ.എസ്.ജി.ഡി/02-06-2017 |
| 4 | അസറ്റ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |
| 5 | ഗ്രീവൻസ് റിഡ്രസ്സൽ മാന്വൽ | സ.ഉ(ആർ.ടി)നം.1558/17/ എൽ.എസ്.ജി.ഡി/12-05-2017 |
| 6 | ഓഫീസ് മാനേജ്മെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.1699/2017/ എൽ.എസ്.ജി.ഡി/24-05-2017 |
| 7 | പബ്ലിക് റിപ്പോർട്ടിംഗ് മാന്വൽ | സ.ഉ(ആർ.ടി)നം.1747/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 8 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-പിഎച്ച്സി മാന്വൽ | സ.ഉ(ആർ.ടി)നം.1846/2017/ എൽ.എസ്.ജി.ഡി/03-06-2017 |
| 9 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1615/2017/ എൽ.എസ്.ജി.ഡി/17-05-2017 |
| 10 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- ഹോമിയോപതി | സ.ഉ(ആർ.ടി)നം.1616/2017/ എൽ.എസ്.ജി.ഡി/17-05-2017 |

| | | |
|---|---|---|
| | ഡിസ്പെൻസറി/ ആശുപത്രി മാന്വൽ | |
| 11 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- അങ്കണവാടി മാന്വൽ | സ.ഉ(ആർ.ടി)നം.1830/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 12 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- കൃഷിഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1831/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 13 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- പ്രൈമറി സ്കൂൾ മാന്വൽ | സ.ഉ(ആർ.ടി)നം.1748/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 14 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം-വെറ്ററിനറി ഡിസ്പെൻസറി/ആശുപത്രി മാന്വൽ | സ.ഉ(ആർ.ടി)നം.1832/2017/ എൽ.എസ്.ജി.ഡി/02-06-2017 |
| 15 | കൈമാറിക്കിട്ടിയ ചുമതലകളുടെ നിർവ്വഹണം- മത്സ്യഭവൻ മാന്വൽ | സ.ഉ(ആർ.ടി)നം.1749/2017/ എൽ.എസ്.ജി.ഡി/27-05-2017 |
| 16 | പെർഫോമൻസ് ഓഡിറ്റ് മാന്വൽ | സ.ഉ(ആർ.ടി)നം.166/17/ എൽ.എസ്.ജി.ഡി/20-01-2017 |
| 17 | പ്രൊക്യൂർമെന്റ് മാന്വൽ | സ.ഉ(ആർ.ടി)നം.2487/2017/ എൽ.എസ്.ജി.ഡി/20-08-2016<br><br>(സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1-2-2017 ലെ തീരുമാനപ്രകാരം താത്കാലികമായി മരവിപ്പിച്ചിട്ടുണ്ട്.) |

ഗ്രാമപഞ്ചായത്തിന്റേയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച

മാന്വലുകൾ അതാത് തലങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11-6-2018 | 5/2018 വരെ | 26-6-2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-8-2006മുതൽ 2-9-2006 വരെ | 1997-08 മുതൽ 2005-06 വരെ | 29-5-2011 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഒന്നുമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 20-3-2017 ലെ തീരുമാനം 1 അനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. പ്ലാൻ - വാർഷിക വികസന പദ്ധതിയും ബജറ്റും

വകുപ്പ് 214(1) Dഅനുസരിച്ച് ബജറ്റിനു മുന്നോടിയായി ഒരു വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും ആയത് ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിക്ക് ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളത് 31-5-2018 നാണ്. ആയതിനാൽ സംസ്ഥാന പദ്ധതി വിഹിതവും സ്പിൽഓവർ തുകയും ചേർത്താണ് തൻവർഷം പ്ലാൻ തുക ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

ബി. നോൺ പ്ലാൻ എസ്റ്റിമേറ്റ്

നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി ബജറ്റിനു മുമ്പായി വിളിച്ചു ചേർക്കേണ്ടതാണ്. ആയത് വിളിച്ചു ചേർത്തതിന് രേഖയില്ല. സെക്രട്ടറിയുടെ നിർദ്ദേശാനുസരണം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ പദ്ധതികളും ആവശ്യമായ തുകയും രേഖപ്പെടുത്തി നൽകിയതിന്റെ രേഖകളാണ് ബജറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ, ഡയറി ഫാം ഇൻസ്ട്രക്ടർ, വെറ്ററിനറി സർജ്ജൻ എന്നിവർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

ലഭ്യമാകുന്ന പ്രോപ്പോസലുകൾ സെക്രട്ടറി അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാത്രമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രോഡീകരിച്ചു നൽകുന്ന നോൺ പ്ലാൻ പ്രൊപ്പോസലുകൾ ഉപയോഗപ്പെടുത്തിയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ബജറ്റിലേക്കുള്ള അന്തിമ നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്നിരിക്കെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും സഹകരണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. വാർഷിക ബജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ബജറ്റ് നടപടിക്രമങ്ങളിലെ പാളിച്ച കാരണമാകുന്നതാണ്. എല്ലാ ഘടകസ്ഥാപനങ്ങളുടേയും ആവശ്യകത വിലയിരുത്തിയതിനുശേഷം മാത്രം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## സി. കരട് ബജറ്റ്

കരട് ബജറ്റ് തയ്യാറാക്കുന്നതിന്റെ ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 9-3-2017 ന് പൂർത്തീകരിക്കുകയും ഭരണസമിതി 20-3-2017 ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഡി. ബജറ്റ് നിയന്ത്രണം

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.

## ഇ. ബജറ്റ് പരിശോധന

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുണ്ടായിരുന്ന വിനോദ നികുതിയിനത്തിൽ 15,00,000 രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 3.93 ലക്ഷം മാത്രമാണ്. പരസ്യ നികുതിയിനത്തിൽ 25000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും വരവ് ഒന്നുമില്ല. 1-7-2017 മുതൽ ചരക്ക് സേവന നികുതി നടപ്പാക്കിയ പശ്ചാത്തലത്തിലാണ് ഈ ഇനങ്ങളിൽ വരവുണ്ടാകാതിരുന്നത്.

വരവിനങ്ങളിൽ കുറവുണ്ടായ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത് നൽകുന്ന

വിവിധ സേവനങ്ങൾക്ക് വസ്തു നികുതിയിന്മേൽ ഈടാക്കാവുന്ന സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിച്ചിട്ടില്ല. കുറഞ്ഞത് 10% വരെ ഉപനികുതി ഈ ഇനത്തിൽ ചുമത്തുവാനുള്ള സാധ്യതയുണ്ട്. നിർമ്മാണം പൂർത്തീകരിച്ച കംഫർട്ട് സ്റ്റേഷൻ, കോൺഫറൻസ് ഹാൾ എന്നിവയിൽ നിന്നുള്ള വരുമാനം തൻവർഷം ഉറപ്പാക്കിയിട്ടില്ല. വസ്തു കൈമാറ്റം നടത്തുമ്പോൾ ഗ്രാമപഞ്ചായത്ത് ആധാരവിലയുടെ 1% ഫീസായി ഈടാക്കുന്നത് നിയമാനുസൃതമല്ലെന്നും ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.
2. നിയമാനുസൃതമല്ലാത്ത ഫീസുകൾ ഈടാക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ബജറ്റ് നിയന്ത്രണത്തിനായി ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്.
5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 18 തിയതി. 27.07.2018 മുഖേന മേൽകാര്യങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

# 2-2 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിലവിൽ 184817 രൂപ അവശേഷിക്കുന്നുണ്ട്. ഇ-ടെണ്ടർ നടത്തുന്നതിനായി തുറന്നിട്ടുള്ളതാണ് ഈ അക്കൗണ്ട് (എസ്. ബി. ഐ അക്കൗണ്ട് നം. 37335251973). മുൻവർഷങ്ങളിലെ

ഇ-ടെണ്ടർ ഫോമുകളുടെ വിലയായി ലഭിച്ച തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും 11.06.2018 നാണ് അസി.എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇ-ടെണ്ടർ ഫോമുകളുടെ വിലയായി ലഭിച്ചിട്ടുള്ള തുക തനതുഫണ്ടിലേക്ക് മാറ്റുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും 25.07.2018ലെ ഓഡിറ്റ് അന്വേഷണം നം.4 നുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.
തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 വസ്തു കൈമാറ്റത്തിന് നിയമാനുസൃതമല്ലാത്ത ഫീസ് ഈടാക്കുന്നത് ഒഴിവാക്കേണ്ടതാണ്

വാർഷിക കണക്കുകളും വരവ് രേഖകളും പരിശോധിച്ചപ്പോൾ ഓണർഷിപ്പ് മാറ്റുന്നതിനുള്ള ഫീസ് എന്ന ഇനത്തിൽ 2017-18 വർഷത്തിൽ 199185രൂപ ഗ്രാമപഞ്ചായത്തിൽ വരവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. ഈ വിഷയത്തിന്മേലുള്ള പരിശോധനയുടെ വിശദാംശങ്ങളും ഓഡിറ്റിന്റെ അഭിപ്രായവും താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് തീരുമാനം

30.07.2013 ലെ ഭരണസമിതിയുടെ തീരുമാനം നം. 10(9) പ്രകാരം കേരളാ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 206 പ്രകാരവും 1995 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു കൈമാറ്റ നികുതി) ചട്ടങ്ങൾ അനുസരിച്ചും പഞ്ചായത്ത് പ്രദേശത്ത് കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷ ലഭിക്കുന്ന സംഗതിയിൽ (സ്ഥാവര വസ്തുവിന്റെ പരസ്പര കൈമാറ്റം, ഇഷ്ടദാനം ഉൾപ്പടെയുള്ള എല്ലാതരം കൈമാറ്റങ്ങൾക്കും) മുദ്രപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മൂല്യത്തിന്റെ 1% തുക ഉടമവസ്ഥാവകാശം കൈമാറുന്നതിനുള്ള ഫീസായി ഈടാക്കുന്നതിന് 01.07.2013 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുത്തി തീരുമാനമെടുത്തിട്ടുണ്ട്. ആയതനുസരിച്ചാണ് തുക ഈടാക്കുന്നത്. നിയമത്തിന്റെ പിൻബലമില്ലാതെയാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

ബി. വസ്തു കൈമാറ്റ തീരുവ

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 206(1)(എ) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരം ചുമത്തുന്നത് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടുന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ഥാവരവസ്തുവെ സംബന്ധിക്കുന്നതുമായ ഓരോ കാരണത്തിലും 1959 ലെ കേരള മുദ്രപത്ര ആക്ട് പ്രകാരം ചുമത്തിയിട്ടുള്ള നികുതിയിന്മേലുള്ള ഒരു സർചാർജ്ജിന്റെ രൂപത്തിലാവേണ്ടതാണ്. വകുപ്പ് 206(3) വ്യവസ്ഥ ചെയ്യുന്നത് കരം പിരിക്കുകയും, അത് ഗ്രാമപഞ്ചായത്തിന് കൊടുക്കുകയും അത് പിരിച്ചെടുക്കുന്നതിൽ സർക്കാരിന് നേരിട്ട ഏതെങ്കിലും ചെലവ് കിഴിക്കുകയും ചെയ്യുന്നതും ക്രമപ്പെടുത്താൻ സർക്കാരിന്, നിയമത്തിന് വിരുദ്ധമല്ലാത്ത ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്നാണ്. വകുപ്പ് 206(4) പ്രകാരം വസ്തു കൈമാറ്റത്തിന്മേലുള്ള കരമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സഞ്ചയിക്കേണ്ടതും, കരം പിരിച്ചെടുക്കുന്നതിനുള്ള ചെലവായി അതിൽ നിന്നും മൂന്നുശതമാനം കുറവുചെയ്തശേഷം ഗ്രാമപഞ്ചായത്തുകൾക്കിടയിൽ വിതരണം ചെയ്യേണ്ടതാണ്. ആയതിനാൽ ഉടമവസ്ഥാവകാശം കൈമാറുന്നതിനുള്ള ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കുന്നതിന് നിയമസാധുതയില്ല.

<u>സി. ധനകാര്യ കമ്മീഷൻ ശുപാർശയും ജനറൽ പർപ്പസ് -മെയ്ന്റനൻസ് ഗ്രാന്റുകളും</u>

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും നൽകണമെന്ന് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ജി.ഒ(എം.എസ്)നം.330/2004 തിയതി 09.12.2004 പ്രകാരം അടിസ്ഥാന നികുതി, മോട്ടോർ വാഹന നികുതി പരിഹാര തുക, വസ്തു കൈമാറ്റ നികുതി മുതലായ ഏൽപ്പിക്കപ്പെട്ട/വിഭജിച്ച് നൽകുന്ന നികുതികൾക്ക് പകരമായി പൊതു ആവശ്യ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ നൽകുവാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. ആയതനുസരിച്ച് സർക്കാരിന്റെ തനതു നികുതി വരുമാനത്തിന്റെ 3.5 % പൊതു ആവശ്യ ഗ്രാന്റായും 5.5% മെയിന്റനൻസ് ഗ്രാന്റായും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്. ആയതിനാൽ വസ്തു കൈമാറ്റത്തിന് ഗ്രാമപഞ്ചായത്തിന് പ്രത്യേകം തുക ഈടാക്കാവുന്നതല്ല.

<u>സി. വസ്തു നികുതി ചട്ടങ്ങൾ</u>

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതി)ചട്ടത്തിലെ ചട്ടം 22 പ്രകാരം കെട്ടിടം കൈമാറ്റം ചെയ്യുന്നയാളും കൈമാറിക്കിട്ടുന്ന ആളും മൂന്നു മാസത്തിനുള്ളിൽ സെക്രട്ടറിക്ക് നോട്ടീസ് നൽകണമെന്നും, വസ്തുവിന്റെ

കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ, രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച്ച വരുത്തുന്ന ആളുടെ മേൽ സെക്രട്ടറിക്ക് അഞ്ഞൂറ് രൂപയിൽ കവിയാത്ത തുക പിഴ ചുമത്തുന്നതിനുമാണ് വ്യവസ്ഥയുള്ളത്. ഉടമസ്ഥാവകാശം കൈമാറുന്നതിനായി പ്രത്യേക ഫീസ് ചുമത്തുന്നതിന് ചട്ടം വ്യവസ്ഥ ചെയ്യുന്നില്ല.

തുടർന്നുവരുന്ന ഫയലുകളിൽ നിർദ്ദേശങ്ങൾ പാലിക്കുന്നതാണ് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16 തിയതി. 27.07.2018) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.
ഈടാക്കുന്ന വസ്തുകൈമാറ്റത്തിനുള്ള ഫീസ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയും ക്ഷണിക്കുന്നു.

## 2-4 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.
തെരുവു വിളക്കുകളുടെ പരിപാലനം മാലിന്യ സംസ്കരണം എന്നീ സേവനങ്ങൾക്കാണ് ഏറ്റവും കൂടുതൽ തുക ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നുണ്ട്. നിലവിൽ പരിമിതമായ തനത് ഫണ്ട് മാത്രം അവശേഷിക്കുന്നതിനാൽ കാര്യക്ഷമമായ സേവനം നൽകുന്നതിന് സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ മേഖലകളിൽ ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉപനികുതി ചുമത്തുന്നതിലൂടെ ഉണ്ടാകുന്ന അധിക വരുമാനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.17 തിയതി. 27.07.2018) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് നൽകുന്നതിലെ കാര്യക്ഷമത അഭിനന്ദനാർഹം

ഡി ആന്റ് ഓ ലൈസൻസ് ഈടാക്കുന്നതിൽ നിയമ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ പുതുക്കിയ ചട്ടങ്ങൾ നടപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വിലയിരുത്തുന്നതിനായി ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധിക്കുകയുണ്ടായി. ആയതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.
പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന ലൈസൻസ് ഫീസിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടു. മുൻവർഷത്തെ അപേക്ഷിച്ചും ബജറ്റിലെ പ്രതീക്ഷിത വരവിനെ അപേക്ഷിച്ചും 2017-18 ലെ വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വിവരം | 2016-17 | 2017-18 |
|---|---|---|
| ബജറ്റ് പ്രതീക്ഷ വരവ് | 120000 | 125000 |
| ആകെ വരവ് | 98600 | 135200 |

ഭേദഗതി ചട്ടങ്ങൾ

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് പരമാവധി ഫീസ് ഈടാക്കേണ്ടതാണ്.

പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ആയത് അഭിനന്ദനാർഹമാണ്.

പഞ്ചായത്ത് പ്രദേശത്തെ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ ലൈസൻസ് വിവരങ്ങൾ

പഞ്ചായത്ത് പ്രദേശത്തെ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ ലൈസൻസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് | 2016-17 | 2017-18 |
|---|---|---|
| ലൈസൻസ് നൽകിയ ആകെ സ്ഥാപനങ്ങളുടെ എണ്ണം | 519 | 513 |
| ഡോഗ്സ് & പിഗ്സ് ലൈസൻസ് | 26 | 12 |
| പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കു നൽകിയ ലൈസൻസ് | 7 | 8 |

വിവിധ ചട്ടങ്ങൾ പ്രകാരം പ്രത്യേകം ഈടാക്കേണ്ട ഫീസുകൾ കൂടി

ഈടാക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായുള്ള കടമുറികളുടെ വാടക ഈടാക്കുന്നതിൽ അപാകത

2017-18 വർഷത്തെ വാടക രജിസ്റ്റർ, വാടക കരാർ എന്നിവ പരിശോധിച്ചപ്പോൾ വാടകയിനത്തിൽ കുടിശ്ശികയുള്ളതായും, വാടക കരാർ പ്രകാരമുള്ള നിബന്ധനകൾ കരാറുകാർ പൂർണ്ണമായും പാലിച്ചിട്ടില്ലെന്നും ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറു കാരുടെ പേര്, കെട്ടിട നം. | വാർഷിക വാടക | കുടിശ്ശിക തുക | അപാകതകൾ | പഞ്ചായത്ത് സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|
| 1 | അബ്ദുൾ ഹമീദ് 11/492 | 62820 | 47115 | എഗ്രിമെന്റ് വച്ചിട്ടില്ല, ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടില്ല. | ഒഴിപ്പിക്കുന്നതിനും, കുടിശ്ശിക അടവാക്കുന്ന തിനുമായി 06.04.2018 ന് നോട്ടീസ് നൽകി. |
| 2 | റഷീദ് 2/169 | 63600 | 34800 | ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടില്ല. | ,, |
| 3 | സജിത 2/180 | 40920 | 30690 | അഡ്വാൻസ് തുക അടവാക്കിയിട്ടില്ല. ഭരണസമിതി തീരുമാനം 10(2)/27.02.18 പ്രകാരം 3 മാസ വാടക (10230 രൂപ) ഒഴിവാക്കിയിട്ടുണ്ട്. | ,, |
| 4 | സുഭാഷ് 11/493 | 132000 | 132000 | ഡെപ്പോസിറ്റ് തുകയും, അഡ്വാൻസ് തുകയും (28000 രൂപ) കുടിശ്ശിക ഇനത്തിൽ വരവ് | ,, |

| | | | | | |
|---|---|---|---|---|---|
| | | | | വയ്ക്കാവുന്നതാണ്. | |
| 5 | ദിലീപ് 6/387 | 24000 | 18000 | ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടില്ല. | ” |
| 6 | നിജാമുദ്ദീൻ 6/388 | 24420 | 18315 | ഡെപ്പോസിറ്റ് തുക അടവാക്കിയിട്ടില്ല. | ” |

<u>വാടക കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നതിലെ അപാകതകൾ</u>

| വ്യവസ്ഥ | വിലയിരുത്തൽ |
|---|---|
| ഉടമ്പടി കാലാവധി 01.04.2017 മുതൽ 31.03.2018 വരെയാണ്. | പ്രസ്തുത കാലാവധി വരെ മാത്രമേ മുറി ഉപയോഗിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. |
| എല്ലാ മാസവും 5-ാം തിയതിക്ക് മുൻപായി വാടക പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്നപക്ഷം ഒന്നാം തീയതി മുതൽ 18 ശതമാനം പലിശയോടുകൂടി അടയ്ക്കാൻ ബാദ്ധ്യസ്ഥനായിരിക്കും. | വാടകക്കാർ എല്ലാ മാസവും പ്രസ്തുത തിയതിയ്ക്കകം തുക അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്. |
| സുരക്ഷിത നിക്ഷേപമായി ഡെപ്പോസിറ്റ് തുകയും മുൻകൂറായി മൂന്ന് മാസത്തെ വാടക തുക നൽകേണ്ടതുമാണ്. | ആയത് ഒടുക്കുവരുത്തുന്നതിൽ വാടകക്കാർ വീഴ്ച്ച വരുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് തുകയും മുൻകൂർ തുകയും ഈടാക്കാത്തത് വാടക ഇനത്തിലോ, മറ്റിനങ്ങളിലോ പഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭ്യമാകാതെ വരുന്നതിനും പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നതിനും കാരണമാകുന്നതാണ്. |

തുടർച്ചയായി മൂന്ന് മാസത്തെ വാടക അടയ്ക്കാതെ ബാക്കിവയ്ക്കുകയോ ഉടമ്പടിക്ക് വിപരീതമായി പ്രവർത്തിക്കുകയോ ചെയ്യുന്നപക്ഷം കരാറുകാരന് മുറിയിന്മേൽ ഉടമ്പടി പ്രകാരമുള്ള അവകാശം സ്വാഭാവികമായി റദ്ദായി പോകുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലേലക്കാരനെ മുറിയിൽനിന്നും ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

കൂടാതെ മൂന്നുമാസത്തിൽ കൂടുതൽ വാടക കുടിശ്ശിക വരുത്തുന്നുണ്ടെങ്കിൽ മുന്നറിയിപ്പ് കൂടാതെ ലേലത്തിനിടുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്നും കരാറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ തുടർച്ചയായി വാടക ഒടുക്കുവരുത്തുന്നതിൽ വീഴ്ച്ച വരുത്തിയിട്ടും ആയത് നിരീക്ഷിക്കുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥർ തുടർ നടപടികൾ സ്വീകരിച്ചതായോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യം വിലയിരുത്തിയതായോ കാണുന്നില്ല.

പഞ്ചായത്തിന് ലഭിക്കേണ്ട വാടക കൃത്യമായി ലഭിക്കുന്നുണ്ടെന്നും കടമുറികൾ ലേലം കൊണ്ടിട്ടുള്ള കരാറുകാർ ആസ്തികൾക്ക് കേടുപാടുകൾ വരുത്തുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22 തിയതി. 30.07.2018) വാടക കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നതാണെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 കോൺഫറൻസ് ഹാളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്

പഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലായി ഗ്രാമപഞ്ചായത്ത് ഒരു കോൺഫറൻസ് ഹാൾ നിർമ്മിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ കോൺഫറൻസ് ഹാൾ വൈദ്യുതീകരണം നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക കണക്ക് പ്രകാരം കോൺഫറൻസ് ഹാളിൽ നിന്നും വരുമാനമൊന്നും ലഭിച്ചിട്ടില്ല. നാളിതുവരെ വാടക നിശ്ചയിച്ച് ഹാൾ പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കോൺഫറൻസ് ഹാൾ പൂട്ടിക്കിടക്കുന്നതിനാൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുമുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കൺസ്യൂമർ നം : 1165105030101

പ്രതിമാസ വൈദ്യുതി ചാർജ്ജ് : 190 രൂപ.

വാടക നിശ്ചയിച്ച് ഹാൾ പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനുള്ള സ്രോതസ്സായി മാറ്റുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും,

ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

കോൺഫറൻസ് ഹാൾ വാടകയ്ക്ക് നൽകുന്നതിനുള്ള തടസ്സങ്ങൾ, ഹാൾ പ്രയോജനപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06 തിയതി. 26.06.2018) വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-8** വാട്ടർ ചാർജ്ജ് കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18 ലെ വാർഷിക കണക്കുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ വാട്ടർ ചാർജ്ജ് ഇനത്തിൽ 246909 രൂപ കുടിശ്ശികയുള്ളതായി കണ്ടെത്തി. ഗ്രാമപഞ്ചായത്തിന്റെ 26 കുടിവെള്ള പദ്ധതികൾ ഭരണസമിതി തീരുമാനങ്ങൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ളതായി അനുബന്ധ രേഖകൾ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു. 26 കുടിവെള്ള പദ്ധതികളിലായി ആകെ 1206 ഗുണഭോക്താക്കളാണ് ഉള്ളത്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയെങ്കിലും വാട്ടർ ചാർജ്ജ് ഇനത്തിലെ 2016-17 ലെ തുകയും, കുടിശ്ശിക തുകയും വിവിധ ഗുണഭോക്താക്കൾ അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയിട്ടുണ്ട്. 3 കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കൾ ഉപയോഗിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്.

<u>ഉപയോഗിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച കുടിവെള്ള പദ്ധതികൾ</u>

| ക്രമ നം. | ഗുണഭോക്തൃ സമിതിയുടെ പേര് | കൺസ്യൂമർ നം. | വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് നോട്ടീസ് നൽകിയ തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കൊങ്ങൻചാത്തി മിനി കുടിവെള്ള പദ്ധതി | 18439 | 19.04.2017 |
| 2 | വേങ്ങപ്പാറ മിനി കുടിവെള്ള പദ്ധതി | 18500 | “ |
| 3 | മൈലാപ്പുത്തറ മിനി കുടിവെള്ള പദ്ധതി | 18940 | “ |

കുടിശ്ശിക തുക 246909 രൂപ പൂർണ്ണമായും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, ഗുണഭോക്തൃ സമിതികൾ എഗ്രിമെന്റിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25 തിയതി. 30.07.2018) വ്യക്തമായ മറുപടി നൽകിയിട്ടില്ല.തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസാധാരണ ചെലവുകൾ നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2017-18 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല. അസാധാരണച്ചെലവുകൾ നിർവ്വഹിക്കുന്നത് ചട്ടം അനുശാസിക്കും പ്രകാരമാണോ എന്ന് ഓഡിറ്റിൽ വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം നിർവ്വഹിച്ച അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|

| | | |
|---|---|---|
| 21700146/31-5-17 | 3400 | ലൈറ്റ് & സൗണ്ട്-വാടക-സ്നേഹവീട് ആനമാറി |
| 21700262/3-7-17 | 15000 | സൈക്കിൾ വിതരണം ഉദ്ഘാടനം-പന്തൽ, ബാനർ, ടേബിൾ വാടക |
| 21701152/21-2-18 | 1941 | ബാനർ & പ്രിൻറിംഗ് ചാർജ്ജ്-ഫിഫ വേൾഡ് കപ്പ് |
| 21700223/2-6-17 | 4500 | പന്തൽ,ചെയർ വാടക -സ്നേഹവീട്, ആനമാറി |

അസാധാരണച്ചലവുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കണ്ടിജന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും എല്ലാ ചെലവുകളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി.

<u>2011 ലെ കേരള പഞ്ചായത്ത്‌രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ – പ്രധാന വ്യവസ്ഥകൾ</u>

2011 ലെ കേരള പഞ്ചായത്ത്‌രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷത്തിന് (2/24.7.18) ലഭിച്ച മറുപടിയിൽ അസാധാരണ ചെലവുകൾ കൺടിൻജന്റ് രജിസ്റ്ററിലെ പ്രത്യേക പേജിൽ രേഖപ്പെടുത്തിയാണ് സൂക്ഷിച്ച് വരുന്നതെന്ന് മറുപടി നല്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അസാധാരണ ചെലവുകൾക്കുള്ള പരിധി ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-2 പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം 194 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 87 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ വകയിരുത്തിയ 55731221 രൂപയിൽ 18257979 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 33% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതും മറ്റ് സാങ്കേതിക കാരണങ്ങളും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. കുറഞ്ഞ അടങ്കിൽ കൂടുതൽ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നൽകി ആവശ്യമായ അടങ്കൽ നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഊന്നൽ നൽകേണ്ടതാണെന്ന് വിലയിരുത്തുന്നു.

പദ്ധതിമാർഗ്ഗരേഖ പ്രകാരം കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തോടൊപ്പം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാവണം പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. തൻവർഷം പൂർത്തീകരണം നടന്നിട്ടുള്ള പല കെട്ടിടങ്ങളും ഉപയോഗപ്രദമാക്കിയിട്ടില്ലെന്ന് കണ്ടെത്തി.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8/27-7-2018 നുള്ള മറുപടിയിൽ ജീവനക്കാരുടെ അപര്യാപ്തതയും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

തൻവർഷത്തെ പദ്ധതി നിർവ്വഹണത്തിൽ കുറവുണ്ടാവാൻ ഇടയാക്കിയ സാഹചര്യം വിലയിരുത്തി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ

വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

## 3-3 ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്

റോഡ് മെയിന്റനൻസിനായി തൻവർഷം 8475877 രൂപയും റോഡിതര ഫണ്ടിനത്തിൽ 3038142 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

സേവനം വിപുലപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടകസ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുവാനും സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധവും ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ആസ്തി സംരക്ഷണം പദ്ധതി രേഖയിൽ പ്രത്യേക അധ്യായമായി ചേർക്കേണ്ടതാണ്.

ആവശ്യമായ പല പ്രവർത്തനങ്ങളും നടന്നിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

ഘടക സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തൽ - ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ

നടപ്പിലായിട്ടില്ല

- പ്രൊ.നം.94/18 പ്രകാരം ഹോമിയോ ആശുപത്രി സ്റ്റോർ വിപുലീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 40000 രൂപ വകയിരുത്തിയെങ്കിലും നടപ്പിലായില്ല.
- പ്രൊ.നം.167/18 പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിടം അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 500000 രൂപ വകയിരുത്തിയെങ്കിലും നടപ്പിലായില്ല.

ഉദാ.

- പ്രൊ.നം.164/18 പ്രകാരം വടക്കേപാവടി അങ്കണവാടി അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 500000 രൂപ വകയിരുത്തിയെങ്കിലും നടപ്പിലായില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനത് ആസ്തികൾക്കായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയതായും ശ്രദ്ധയിൽപ്പെട്ടു.

ഉദാ.

- 45/18-പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ്ഗ്രാന്റിൽ നിന്നും 93561 രൂപ വകയിരുത്തിയിട്ടുണ്ട്.
- 169/18-പഞ്ചായത്ത് കോംപ്ലക്സ് അറ്റകുറ്റപ്പണിക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8(3)/27-07-2018 നുള്ള മറുപടിയിൽ ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും സമർപ്പിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-4 സൃഷ്ടിക്കപ്പെട്ട ആസ്തികൾ പ്രയോജനപ്പെടുത്തുന്നില്ല-തനത് ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ ചെലവഴിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പഞ്ചായത്ത് ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ, ബസ് സ്റ്റാന്റ് കോപ്ലക്സ് കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടും എന്നിവ നാളിതുവരെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുംവിധം പ്രവർത്തനസജ്ജമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ

തൻവർഷം അറ്റകുറ്റപ്പണികൾക്കായി മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും രണ്ട് ലക്ഷം രൂപ വകയിരുത്തുകയും 184320 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊ.നം. 47/18

കരാറുകാരൻ - ശ്രീ.ഹരിദാസ്.ആർ

അളവു പുസ്തകം : 42, 42/16-17

ബിൽ നം. 7/10-7-17

കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ 3/2017 ൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി തുറന്നുകൊടുത്തിട്ടില്ല.

ഈ വിഷയം സെക്രട്ടറി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായോ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടതായോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തലുകളില്ല.

ആസ്തികൾ നിഷ്ക്രിയമായി കടക്കുന്നതിനാൽ പഞ്ചായത്തിന് കംഫർട്ട് സ്റ്റേഷൻ ലേലം ഇനത്തിൽ ലഭിക്കുവാൻ സാധ്യതയുള്ള വരവ് ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്,

ബി. ബസ് സ്റ്റാന്റ് കോംപ്ലക്സ് കോൺഫറൻസ് ഹാൾ

വൈദ്യുതീകരണത്തിനായി തൻവർഷം ലോകബാങ്ക് സഹായത്തിൽ നിന്നും 200000 രൂപ വകയിരുത്തുകയും 187106 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊ.നം. 113/18

കരാറുകാരൻ - ശ്രീ.ഷിൻജു.സി

അളവു പുസ്തകം : 55/16-17

ബിൽ നം. 15/25-8-2017

ബസ് സ്റ്റാന്റ് കോംപ്ലക്സിലെ ഒന്നാം നിലയിലുള്ള കോൺഫറൻസ് ഹാളിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ 4/2017 ൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

തൻവർഷം കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി രണ്ട് പ്രൊജക്റ്റുകൾ കൂടി ആവിഷ്കരിച്ചിരുന്നെങ്കിലും ആയവ നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊ.നം. 160/18 പ്രകാരം കോൺഫറൻസ് ഹാളിലേക്ക് ചെയർ/ടേബിൾ എന്നിവ വാങ്ങുന്നതിനായി ലോകബാങ്ക് സഹായത്തിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല.
2. പ്രൊ.നം. 161/18 പ്രകാരം കോൺഫറൻസ് ഹാളിലേക്ക് മൈക്ക് സെറ്റ്/പോഡിയം വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചില്ല.

ഈ വിഷയം സെക്രട്ടറി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായോ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടതായോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തലുകളില്ല.

കെട്ടിടം പ്രയോജനപ്പെടുത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം ഒടുക്കുന്ന തുക പാഴ്ചെലവാകുന്നതായി വിലയിരുത്തുന്നു.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെയധികം സാധ്യതയുള്ള കംഫർട്ട് സ്റ്റേഷൻ, കോൺഫറൻസ് ഹാൾ എന്നിവ പ്രയോജനപ്പെടുത്തുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8(3)/27-07-2018

നുള്ള മറുപടിയിൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ആസ്തികൾ അടിയന്തിരമായി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ബസ് സ്റ്റാന്റ് റോഡ് പുനരുദ്ധാരണം പൂർത്തീകരിക്കാതിരുന്നിട്ടും തുടർനടപടി സ്വീകരിച്ചില്ല

20 ലക്ഷം രൂപ ലോകബാങ്ക് സഹായവും 5 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും വകയിരുത്തി ആവിഷ്കരിച്ച ബസ് സ്റ്റാന്റ് റോഡ് പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം 2020060 രൂപ ചെലവഴിച്ചിട്ടും നാളിതുവരെ അവസാന ഘട്ടപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണവും ശുപാർശയും താഴെ ചേർക്കുന്നു.

ബസ്സ്റ്റാന്റ് റോഡിന്റെ ഇരുവശത്തും ഡ്രൈനേജ്, റോഡ് കോൺക്രീറ്റിംഗ്, അറ്റകുറ്റപ്പണികളും റീടാറിംഗും എന്നീ ഇനങ്ങളാണ് നിർവ്വഹിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഡ്രൈനേജും കോൺക്രീറ്റിംഗും 8/2017 ൽ പൂർത്തീകരിക്കുകയും കരാറുകാരന് പാർട്ട് ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റീടാറിംഗ് പ്രവൃത്തികൾ നാളിതുവരെ നിർവ്വഹിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 116/18-ബസ് സ്റ്റാന്റ് റോഡ് പുനരുദ്ധാരണം

കരാറുകാരൻ - ശ്രീ.ശിവൻ.ടി

എഗ്രിമെന്റ് നം. 105/30-3-2017

അളവു പുസ്തകം : 62/16-17

പാർട്ട് ബിൽ നൽകിയതിന്റെ വിവരം

ചെലവ് : ലോകബാങ്ക് ഫണ്ട് - 2000000 (ബിൽ നം. 23/13-9-2017)

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 20060 (ബിൽ നം. 24/13-9-2017)

റീടെൻഷൻ ഇനത്തിൽ 50502 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

വർഷങ്ങളോളം പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലായിരുന്ന ബസ് സ്റ്റാന്റ് റോഡിന്റെ പുനരുദ്ധാരണം നടത്തുവാനായാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും പുതിയ പ്രവൃത്തി ഭാഗികമായി അവശേഷിക്കുന്നത് മോണിറ്ററിംഗിലെ പോരായ്മയായി വിലയിരുത്തുന്നു. പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന കോൺക്രീറ്റിംഗും ഡ്രൈനേജും പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞുവെങ്കിലും റീടാറിംഗ് പ്രവൃത്തികൾ നിർവ്വഹിക്കാതിരുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയതായും കാണുന്നില്ല.

ഈ പ്രവൃത്തിയുടെ കരാറുകാരൻ തൻവർഷം 10 പ്രവൃത്തികൾ ഏറ്റെടുത്തതിൽ 4 എണ്ണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും 6 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നും ഓഡിറ്റ് അന്വേഷണം നം. 8(3)/27-07-2018 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരെ മാറ്റി നിർത്തുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരനെതിരെ എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 മുണ്ടിയൻ പറമ്പ് റോഡ് നവീകരണം-അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

താരതമ്യേന വലിയ തുക അടങ്കൽ നിശ്ചയിച്ച പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ മുണ്ടിയൻ പറമ്പ് റോഡ് നവീകരണം എന്ന പ്രവൃത്തിയുടെ കരാറുകാരന് താഴെ പറയും പ്രകാരം അധികം തുക അനുവദിച്ചതായി കണ്ടെത്തി.

മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തി പൂർത്തീകരിച്ച റോഡിന്റെ അവസാന ബില്ല് തയ്യാറാക്കിയതിലുണ്ടായ അപാകതമൂലം 1581 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

പ്രൊ.നം. 176/18-മുണ്ടിയൻപറമ്പ് റോഡ് പുനരുദ്ധാരണം

കരാറുകാരൻ - ശ്രീ.പ്രമോദ്കുമാർ.ജി

എഗ്രിമെന്റ് നം. 55/28-12-2017

അളവ് പുസ്തകം : 119/16-17

ചെലവ് : 499866 (ബിൽ നം. 24-3-2018)

അളവ് പുസ്തകം പ്രകാരം ചെലവ് : 499866

കരാർ തുക : 498285

അധികം നൽകിയ തുക : 1581

തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 10/27-07-2018 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്.

ബില്ലുകൾ തയ്യാറാക്കുമ്പോളും മേൽപരിശോധന നടത്തുമ്പോളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകുന്നതിനു മുമ്പ് എഗ്രിമെന്റ് വെച്ചില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നത് പദ്ധതി മാർഗ്ഗരേഖയിലെ

നിർദ്ദേശങ്ങൽ പാലിച്ചാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികൾക്ക് മുൻകൂർ അനുവദിച്ചത് എഗ്രിമെന്റ് ഇല്ലാതെയാണെന്ന് കണ്ടെത്തി.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | നിർവ്വഹണ ഏജൻസി/ സ്ഥാപനം |
|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ- 156/18-വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | 625000 | 625000 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊല്ലങ്കോട് |
| 2 | പ്രോജക്ട് നമ്പർ- 252/18-വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ വലിക്കൽ | 1232915 | 1007547 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, കൊല്ലങ്കോട് |

ഊർജ്ജം, വൈദ്യുതി വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയതിന്റെ രേഖപ്പെടുത്തലുകളും ഇല്ല.

സ.ഉ (എം.എസ്)നം.362/2013/എൽ.എസ്.ജി.ഡി തിയതി 16.11.2013 പ്രകാരമുള്ള 2014-15, 2015-16 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ബി, സി എന്നിവ പ്രകാരം നിർമ്മാണ പ്രവൃത്തിക്കായി വാട്ടർ

അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി നൽകേണ്ടതും പ്രൊജക്റ്റ് രൂപീകരിക്കേണ്ടതുമാണ്. പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയവയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന് നിബന്ധയുണ്ട്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.5/25-7-18) ലഭിച്ച മറുപടിയിൽ അപാകങ്ങൾ ഭാവിയിൽ പരിഹരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

# 3-8 ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## എ. ഭവന നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ
പ്രൊ.നം. 36/ 18-ഭവനനിർമാണം (ജനറൽ)

മുൻകാലയളവുകളിൽ ഏറ്റെടുത്ത ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് , വിലാസം | നല്കിയ തുക | നല്കാനുള്ള തുക |
|---|---|---|---|
| 1 | റാഫിയ, W/o ഹമീദ്, തോട്ടങ്കര | 180000 | 20000 |

| | | | |
|---|---|---|---|
| 2 | ഓമന, W/o കുഞ്ഞിക്കുട്ടൻ, തഹസിൽദാർപാടം | 80000 | 120000 |
| 3 | മധുര, W/o സുബ്രഹ്മണ്യൻ, വേലംപൊറ്റ | 180000 | 20000 |
| 4 | ദേവു, W/o വേലായുധൻ, തെക്കേത്തറ | 140000 | 60000 |

മേല്പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സംസ്ഥാന സർക്കാരിന്റെ സമഗ്ര ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷന്റെ രണ്ടാം ഘട്ടം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റ് ഭവന നിർമ്മാണ പദ്ധതികളുടെ പൂർത്തീകരണം വൈകുന്നത് അഭികാമ്യമമല്ല എന്ന് വിലയിരുത്തുന്നു.

<u>ബി. ഭവന പുനരുദ്ധാരണം</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

പ്രൊ.നം. 255/ 18-ഭവന പുനരുദ്ധാരണം – വൃദ്ധർ (ജനറൽ )

ശ്രീ. അബൂബക്കർ, s/o വെള്ളത്തായ്, കാളികുളമ്പ് എന്നയാൾ 10000 രൂപ കൈപ്പറ്റിയെങ്കിലും ബാക്കി തുകയായ 40000 രൂപ കൈപ്പറ്റിയതായി കാണുന്നില്ല. ഈ ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 അംഗീകൃത ഗുണഭോക്തൃ ലിസ്റ്റില്ല-പദ്ധതി നടത്തിപ്പിൽ കാലതാമസം

പ്രോജക്റ്റ്- 296/18-ജലസേചന പമ്പ് സെറ്റ്

അടങ്കൽ - 291000 (വികസന ഫണ്ട്- ജനറൽ )

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ചെലവ് - ട്രഷറി ബിൽ നമ്പർ - 10/17-18, 28.3.18, 162365 രൂപ (Queue bill)

വിവിധ ധനസഹായ പദ്ധതികളിൽ തുക ചെലവഴിക്കാതെ പോകുന്നതിന്റെ കാരണം പരിശോധിക്കുന്നതിന്റെ ഭാഗമായി കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം ലഭ്യമാക്കിയ ജലസേചന പമ്പ് സെറ്റ് എന്ന

പദ്ധതിയുടെ ഫയൽ പരിശോധിക്കുകയുണ്ടായി. ആയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും ശുപാർശയും താഴെ ചേർക്കുന്നു.

2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം ജലസേചന പമ്പ് സെറ്റ് വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയത് 17-3-2018 നാണ്. ആകെ മുപ്പത് കർഷകർക്ക് സബ്സിഡി നല്കുന്നതിനായുള്ള തുക വകയിരുത്തിയെങ്കിലും പത്തൊമ്പത് പേർ മാത്രമാണ് പമ്പ് സെറ്റ് വാങ്ങിയത്. ഇവർക്കുള്ള സബ്സിഡി തുക നൽകുവാനായി ട്രഷറിയിൽ ബില്ല് സമർപ്പിച്ചെങ്കിലും തൻവർഷം തുക മാറുവാൻ സാധിച്ചില്ല. ആയത് ക്യൂ ബിൽ ആയി പരിഗണിക്കപ്പെടുകയും അടുത്ത സാമ്പത്തിക വർഷത്തേക്ക് മാറ്റുകയും ചെയ്തു.
പദ്ധതിയുടെ ആസൂത്രണം, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നല്കൽ എന്നീ ഘട്ടങ്ങളിലെ കാലതാമസമാണ് പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാതെ പോയതിന് കാരണം എന്ന് വിലയിരുത്തുന്നു.

പദ്ധതി സ്പിൽ ഓവറായി 18-19 ൽ നടപ്പിലാക്കുന്നതിനായി പരിഗണിച്ചപ്പോഴും പദ്ധതിയിലെ ഗുണഭോക്താക്കൾ അപര്യാപ്തമാണെന്നും ഗ്രാമസഭ അംഗീകരിച്ച പുതിയ ലിസ്റ്റ് ലഭ്യമാക്കണമെന്നും നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത്തരത്തിലുള്ള പദ്ധതി നിർവ്വഹണം പഞ്ചായത്തിന്റെ മൊത്തം പദ്ധതിച്ചെലവ് കുറയുന്നതിനിടയാക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ വിലയിരുത്തിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>
ഉൽപാദന മേഖലയിലെ ഇത്തരം ധനസഹായ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ മുൻകൂട്ടി തെരഞ്ഞെടുക്കേണ്ടതും ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കേണ്ടതുമാണ്.
പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുവാൻ ചുമതലപ്പെട്ട വർക്കിംഗ് ഗ്രൂപ്പും മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (14/27.7.18) മറുപടി ലഭിച്ചില്ല.

## 3-10 മൃഗസംരക്ഷണമേഖലയിൽ പട്ടികജാതി വിഭാഗക്കാർക്കായി ആവിഷ്കരിക്കപ്പെട്ട പദ്ധതി നടപ്പിലാക്കിയില്ല

പ്രൊജക്റ്റ് നം.13/18

നിർവ്വഹണ ഉദ്യാഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

2017-18 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയില്ല. ആയതിന്റെ കാരണം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം താഴെ ചേർക്കുന്നു.

പട്ടികജാതി വിഭാഗക്കാർക്കായി കറവപ്പശു വിതരണം നടത്തുന്നതിനായി ആവിഷ്കരിക്കപ്പെട്ട പ്രൊജക്റ്റ് പ്രകാരം (നം.13/18) വികസനഫണ്ടിൽ നിന്നും 13.60 ലക്ഷം വകയിരുത്തിയെങ്കിലും ചെലവ് നടന്നിട്ടില്ല. 2017-18 ലെ പദ്ധതി രൂപീകരണത്തിനായി ചേർന്ന മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ (17.3.17 ലെ) ഉയർന്നു വന്ന ആവശ്യങ്ങൾക്കനുസൃതമായുള്ള പദ്ധതിയല്ല വിഭാവനം ചെയ്തിരിക്കുന്നത്. യോഗത്തിൽ കന്നുകുട്ടി പരിപാലനം, തീറ്റപ്പുൽകൃഷി എന്നിവയ്ക്ക് സബ്സിഡി അനുവദിക്കണമെന്നും തൊഴുത്ത് കോൺക്രീറ്റ് ചെയ്യുന്നതിനും മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികൾക്കുമാണ് ആവശ്യകത ഉന്നയിക്കപ്പെട്ടിരുന്നത്. പദ്ധതി രൂപീകരണ വേളയിൽ ഇക്കാര്യം പരിഗണിക്കാതെ കറവപ്പശു വാങ്ങുന്നതിനുള്ള പദ്ധതി മാത്രമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/27.7.18) ലഭിച്ച മറുപടിയിൽ കറവപ്പശു വളർത്തൽ പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്തൃ വിഹിതം 20000 രൂപയും, ഇൻഷ്വറൻസ് തുക 3000 രൂപയും ഗുണഭോക്താക്കൾ ഒടുക്കേണ്ടതുണ്ടായിരുന്നു. മേൽ തുക ഗുണഭോക്താക്കൾ സ്വയം വഹിക്കാൻ തയ്യാറാവാത്തതിനാൽ പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുയില്ല എന്നും ഈ പദ്ധതിയുടെ ബാക്കി തുക മറ്റ് പദ്ധതികളിലേയ്ക്ക് വകയിരുത്തണമെന്നും കാണിച്ച് പഞ്ചായത്ത് അധികൃതർക്ക് കത്ത് നല്കിയിരുന്നതായും വെറ്ററിനറി സർജജൻ അറിയിച്ചു.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി ഉല്പാദനപരമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിലേയ്ക്ക് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-11 സമഗ്ര മാലിന്യ സംസ്കരണ പദ്ധതികളുടെ സയമബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

മാലിന്യ സംസ്കരണത്തിൽ ധാരാളം പ്രശ്നങ്ങൾ നേരിടുന്ന കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി തൻവർഷം ആവിഷ്കരിച്ച പദ്ധതികൾ, ചെലവഴിച്ച തുക, ഫലപ്രാപ്തി മുതലായവ വിലയിരുത്തിയിന്റെ വിശദാംശങ്ങളും ഓഡിറ്റ് ശുപാർശയും താഴെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണ പ്ലാന്റ്-പൂർത്തീകരണം ത്വരിതപ്പെടുത്തേണ്ടതാണ്

25.2.2017 ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം 1(1) പ്രകാരം 18- ാം വാർഡിൽ പഞ്ചായത്ത് ശ്മശാനത്തിന് സമീപമുള്ള പഞ്ചായത്ത് വക സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഐ.ആർ.ടി.സി മുണ്ടൂരിനെ ഏൽപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. തുമ്പൂർമൊഴി മോഡലിൽ Aerobic Composit Unit Model പ്രവൃത്തി ചെയ്യുവാനാണ് ലക്ഷ്യമിട്ടത്. 10 ബിന്നുകളും ഒരു സ്റ്റോർ റൂമും ഉൾകൊള്ളുന്ന ഒരു ഷെഡ് നിർമ്മാണം, ബിന്നിൽ നിന്നും ലീച്ചെറ്റ് ശേഖരിക്കുന്നതിന് ഒരു ടാങ്ക്, പ്ലാന്റിന്റെ മുൻവശത്ത് ടൈൽസ് പാകൽ, വാട്ടർ ടാങ്ക് സംമ്പ്, ഇലക്ട്രിഫിക്കേഷൻ, മാലിന്യം അരിച്ചെടുക്കുന്നതിന് സ്വീവിംഗ് മെഷ്യൻ, പ്ലാസ്റ്റിക് പൊടിച്ചെടുക്കുന്നതിന് ഷ്രെഡിംഗ് മെഷീൻ എന്നിവ ഉൾപ്പെടുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 35 ലക്ഷം

രൂപയാണ് വകയിരുത്തിയത്. ശുചിത്വ മിഷനിൽ നിന്നും നം. 13/12/C1 /17/SM തിയതി 24.3.17 പ്രകാരം 34.30 ലക്ഷത്തിൻെറ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന്റെ ഭാഗമായി നിർവ്വഹണ ഏജൻസിയായ IRTC മുണ്ടൂരുമായി 18.5.2017 ന് ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ട്. കരാർ കാലാവധി 18.11.2017 ൽ അവസാനിക്കുന്നതാണെന്ന് നിബന്ധനയുണ്ട്. എഗ്രിമെന്റ് പ്രകാരം 5 ഗഡുക്കളായാണ് തുക കൈമാറേണ്ടത്. നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. 2016-17ൽ പദ്ധതിക്കായി ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| പ്രോജക്റ്റ് നമ്പരും പേരും | ഫണ്ടിനം | തുക |
|---|---|---|
| 218/17-സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 300000 |
| | ബ്ലോക്ക് വിഹിതം | 3133203 |
| | കേന്ദ്രാവിഷ്കൃതം | 66797 |
| ആകെ | | 3500000 |

ബി. പദ്ധതി തുക കൈകാര്യം ചെയ്തതിൽ അപാകത

പദ്ധതി പ്രകാരം 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 300000 രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 3133203 രൂപയുടെ

ഉൾപ്പെടെ 3433203 രൂപ ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. 2016-17 ൽ തുകയൊന്നും ഈ അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടില്ല. 2017-18 ൽ സ്പിൽ ഓവർ പ്രൊജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കാതെയാണ് അക്കൗണ്ടിൽ നിന്നും താഴെ പറയും പ്രകാരം IRTC മുണ്ടൂരിന് ഗഡുക്കളായി തുക അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | ഗഡു | തുക | വൗച്ചർ നമ്പരും തിയ്യതിയും |
|---|---|---|---|
| 1 | ഒന്നാം ഗഡു | 686000 | 21700108/18.5.17 |
| 2 | രണ്ടാം ഗഡു | 686000 | 21700245/27.6.17 |
| 3 | മൂന്നാം ഗഡു | 686000 | 21700789/18.12.17 |
| ആകെ | | 2058000 | |

ബാക്കി നിൽക്കുന്ന തുകയായ 14,42,000 രൂപ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്.
(അക്കൗണ്ട് നം.79901140001373).
2018-19 വർഷത്തിലും ബാക്കി തുക ചെലവഴിക്കുന്നതിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല.

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് മാറ്റിയ തുക 300000/- രൂപ യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടില്ലെങ്കിലും പൂർണ്ണമായും ചെലവഴിച്ചതായാണ് സുലേഖയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 2058000/- IRTC മുണ്ടൂരിന് തുക നൽകിയത് സ്പിൽ ഓവർ അംഗീകാരം വാങ്ങാതെയാണ്. പദ്ധതി നടത്തിപ്പിനായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ കണ്ടിജന്റ് ചെലവ് പോലെ വൗച്ചർ പ്രകാരം പിൻവലിച്ചത് ശരിയായ നടപടിക്രമമല്ല.

<u>സി. ഓഡിറ്റ് നിർദ്ദേശം</u>

1. സംയുക്ത പ്രോജക്റ്റുകൾക്കുള്ള ഫണ്ടുകൾ കൈകാര്യം ചെയ്യുമ്പോൾ

ജി.ഒ.(പി)നം.7/17/ഫിൻ തിയ്യതി 23.1.17, ജി.ഒ.(പി) നം.119/15/ഫിൻ തിയ്യതി 21.3.15 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. മേൽ സൂചിപ്പിച്ച അപാകത പരിഹരിക്കേണ്ടതാണ്.
3. കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും പൂർത്തീകരണത്തിനുള്ള നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.
4. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.7/26.7.18) ലഭിച്ച മറുപടിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ബക്കറ്റ് കമ്പോസ്റ്റ് പദ്ധതി നടപ്പാക്കിയില്ല

പ്രോജക്റ്റ് നമ്പർ-196/18-ബക്കറ്റ് കമ്പോസ്റ്റ് പദ്ധതി

അടങ്കൽ- 1360500

ചെലവ്- ഇല്ല

നിർവ്വഹണോദ്യോഗസ്ഥൻ-എൽ.വി.ഇ.ഒ

വർക്കിംഗ് ഗ്രൂപ്പ് തലത്തിലും(കുടിവെള്ളം-ശുചിത്വം) സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും (ആരോഗ്യ-വിദ്യാഭ്യാസം) നിർദ്ദേശങ്ങൾ വന്ന് പദ്ധതി ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടും പദ്ധതി തൻവർഷം നടപ്പിലാക്കിയില്ല. പദ്ധതി നടത്തിപ്പിനായി ജില്ലാ ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാവാതിരുന്നതിനാലാണ് പദ്ധതി നടപ്പിലാവാതെ പോയതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുണ്ട് (നം.21/30.7.18).

ഓഡിറ്റ് നിർദ്ദേശം

1. വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിക്കപ്പെടുന്ന ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. മാലിന്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിൽ ആവിഷ്കരിക്കേണ്ടതാണെന്നും ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നീ സമീപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നുമുള്ള പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.
3. മാലിന്യ സംസ്കരണ പ്രൊജക്ടുകളുടെ നടത്തിപ്പിനായി ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനിയുടെ സാങ്കേതിക സഹായം തേടാവുന്നതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം-ടാപ്പുകളുടെ കണക്കുകൾ കൃത്യമാക്കേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ 375 പൊതു ടാപ്പുകൾ നിലവിലുണ്ട്. പ്രതിമാസം 164063 രൂപ തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 19.68 ലക്ഷം ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് കൃത്യമായ സ്ഥിതിവിവര കണക്കുകളെ അടിസ്ഥാനമാക്കിയാണോ എന്ന് ഓഡിറ്റ് വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ ത.സ്വ.ഭ.വ തിയതി

30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാട്ടർ ചാർജ്ജ് ഒടുക്കിന്റെ കൃത്യത പരിശോധിക്കുന്നതിനായി പൊതുടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ കൃത്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.24/ 8 തിയ്യതി 30.7.18) ലഭ്യമായ മറുപടിയിൽ സംയുക്ത പരിശോധന നടത്തുന്നതിന് ഭരണസമിതി 26.8.17 തിയ്യതിയിലെ 9-ാം നമ്പർ തീരുമാനമെടുത്ത് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പരിശോധന നടത്തിയിട്ടില്ല എന്നും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളിൽ നിന്നും ഗാർഹിക കണക്ഷനുകൾ നല്കി പൊതു ടാപ്പുകൾ കുറവുചെയ്യുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ സമീപനം. മാർഗ്ഗരേഖകളിൽ കുടിവെള്ള വിതരണ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി അനുവദിച്ച് ഘട്ടം ഘട്ടമായി പൊതു ടാപ്പുകൾ കുറവു ചെയ്ത് പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
2. ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്നും പഞ്ചായത്ത് ഫണ്ടിൽനിന്നും അധികച്ചെലവ് ഉണ്ടാകുന്നില്ലെന്നും ഉറപ്പാക്കുവാൻ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ

ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

3. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഹോമിയോ മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ഉണ്ടോ എന്ന് പരിശോധിച്ചപ്പോൾ ഹോമിയോ ആശുപത്രിയിൽ മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ(ഹോമിയോ) ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്ന വാങ്ങുന്നതിനായി HOMCO യ്ക്ക് 300000 രൂപ നല്കിയിട്ടുണ്ട്. (ബിൽ നം. 1/17-18, 26.3.18, 300000 - മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ്). സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് കണ്ടെത്തി.

ഇതേക്കുറിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.15/27.7.18) മറുപടിയിൽ ഇക്കാര്യം മേലധികാരികളെ അറിയിച്ചിട്ടുണ്ടെന്നും മരുന്നുകൾ ഉണ്ടാക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് മൂലമാണ് മരുന്നുകൾ ലഭ്യമാകാത്തത് എന്ന് അറിയാൻ കഴിഞ്ഞതായും, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഈ വിഷയം ആരോഗ്യ-സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ഭരണസമിതിയുടെ മേൽനോട്ടത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഡിസ്പെൻസറിയിൽ മരുന്നുകളുടെ ലഭ്യതക്കുറവ് ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 മറ്റ് ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വിവിധ ഏജൻസികൾക്ക് മുൻകൂർ തുക കൈമാറുമ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ധനവിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നും

പരിശോധിച്ചപ്പോൾ വാട്ടർ അതോറിറ്റി, മറ്റ് തദ്ദേശ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് കണ്ടെത്തി. സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വെച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടു.
വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | നിർവ്വഹണ ഏജൻസി/ സ്ഥാപനം | കുറിപ്പ് |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ- 153/18- ക്രമിറ്റോറിയം പ്ലാന്റ് സ്ഥാപിക്കൽ- പഞ്ചായത്ത് വിഹിതം | 500000 | 500000 | ജില്ലാ പഞ്ചായത്ത്, പാലക്കാട് | തുകയുടെ വിനിയോഗസാക്ഷ്യ പത്രം ഇല്ല. എഗ്രിമെന്റ് ഇല്ല. |
| 2 | പ്രോജക്ട് നമ്പർ- 247/18- പാലക്കോട് പൈപ്പ്ലൈൻ വലിക്കൽ | 41000 | 41000 | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പാലക്കാട് | തുകയുടെവിനിയോഗ സാക്ഷ്യപത്രം ഇല്ല. എഗ്രിമെന്റ് ഇല്ല. |

സ.ഉ (എം.എസ്)നം.362/2013/എൽ.എസ്.ജി.ഡി തിയതി 16.11.2013 പ്രകാരമുള്ള 2014-15, 2015-16 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13.xi.ബി, സി എന്നിവ പ്രകാരം നിർമ്മാണ പ്രവൃത്തിക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതും പ്രൊജക്റ്റ് രൂപീകരിക്കേണ്ടതുമാണ്. പ്രൊജക്റ്റിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയവയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന് നിബന്ധയുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.
പ്രസ്തുത വിഷത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.5/25-7-18) ലഭിച്ച മറുപടിയിൽ അപാകങ്ങൾ ഭാവിയിൽ പരിഹരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ

മോണിറ്ററിംഗ് നടത്തേണ്ടതാണ്.

- തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സൈക്കിൾ, ഫർണീച്ചർ എന്നിവ വാങ്ങി നൽകുന്നതിനായി മൂന്ന് പ്രൊജക്റ്റുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി

| പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 6/18- എസ്.സി വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ (സ്പിൽ ഓവർ) | 1191500 | 884107 (1/17-18 തിയ്യതി 2.6.17) | 213 (പെൺകുട്ടികൾ-105, ആൺകുട്ടികൾ -118) |
| 140/18- എസ്.സി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ | 1000000 | 849626 (1/17-18 തിയ്യതി 15.3.18) | 214 (പെൺകുട്ടികൾ-114 , ആൺകുട്ടികൾ- 100) |
| നമ്പർ-295/18-എസ്.സി വിഭാഗ ത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങി നല്കൽ | 1154000 | 875150 (51/17-18 തിയ്യതി 28.3.18) | 230 |

തൻവർഷം ആകെ 657 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേൽ പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല. സാമ്പത്തികമായും സാമൂഹ്യമായും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാർക്കായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളിലൂടെയുണ്ടാകുന്ന മാറ്റം വിലയിരുത്തി ആയതിനനുസരിച്ച് തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നത്

ഉചിതമായിരിക്കും എന്ന് വിലയിരുത്തുന്നു. പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-16 അങ്കണവാടികളിലേക്ക് ഗ്യാസ് കണക്ഷൻ - പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത

പ്രോജക്റ്റ്- 139 /18-അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ

അടങ്കൽ - 70000 (വികസന ഫണ്ട്- ജനറൽ )

നിർവഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് . സൂപ്പർവൈസർ

ചെലവ് - 68472 രൂപ (ബിൽ നം. 10/17-18, 13.3.18)

പ്രൊജക്റ്റ് പ്രകാരം 68472 രൂപ ചെലവഴിച്ച് 12 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഗ്യാസ് കണക്ഷൻ ടെണ്ടർ/ക്വട്ടേഷൻ മുഖേന ലഭ്യമാക്കണം എന്ന് പ്രോജക്റ്റിൽ നിബന്ധനയായി ചേർത്തിട്ടുണ്ടെങ്കിലും പ്രോജക്റ്റ് നടത്തിപ്പിന്റെ രേഖകളിൽ ഇത്തരം ഒരു നടപടിക്രമം പാലിച്ചതായി കാണുന്നില്ല. FLAMES എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ സ.ഉ(പി)നം.259/2010/ തസ്വഭവ തിയതി 8-11-2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി ചേർന്ന് വാങ്ങലിനുള്ള തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല.

പ്രോജക്റ്റിൽ സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായി വാങ്ങലുകൾ നടത്തിയതിന് വിശദീകരണം (എൻക്വയറി നം. 13/27.7.18) ആവശ്യപ്പെട്ടതിന് പ്രോജക്റ്റിൽ വകയിരുത്തിയ തുക മുൻവർഷത്തെ സ്പിൽ ഓവർ തുകയായതിനാൽ മാർച്ച് 2018 നകം പർച്ചേസ് നടത്തേണ്ടതിനാലും, കൊല്ലങ്കോട് ഒരു ഗ്യാസ് ഏജൻസി മാത്രം ഉള്ളതിനാലും ഗ്യാസ് ഏജൻസിയിൽ നിന്നും ഇൻവോയ്സ് വാങ്ങി, അതുപ്രകാരം ഗ്യാസ് കണക്ഷൻ എടുക്കുകയുമാണ് ചെയ്തത് എന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലേയ്ക്കും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്കും സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി ചേർന്ന് വാങ്ങലിനുള്ള തീരുമാനം കൈക്കൊണ്ട്, പ്രോജക്റ്റ് അനുസരിച്ച്

നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 പി.എം.എ.വൈ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പി.എം.എ.വൈ പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ | ചെലവ് | കുറിപ്പ് |
|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ-136/18-പി.എം.എ.വൈ പഞ്ചായത്ത് വിഹിതം-എസ്.സി.പി | 1035000 | 1035000 | തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഇല്ല. |
| 2 | പ്രോജക്ട് നമ്പർ-20/18-പി.എം.എ.വൈ പഞ്ചായത്ത് വിഹിതം-ജനറൽ | 80000 | 80000 | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2518000 | ഉഴവുകൂലി | 2518000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2600000 | ഉഴവുകൂലി | 2600000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ

## വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 156/18-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 7/29-7-2018 | 625000 | 625000 | |
| | 252/18-വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 18/27-10-17<br>28/9-11-17<br>30/21-11-17<br>22/31-10-17<br>20/31-10-17 | 102125<br>185800<br>377655<br>338142<br>3825<br>------------<br>1007547 | 1007547 | |
| വാട്ടർ അതോറിറ്റി | 247/18-പാലക്കോട് പൈപ്പ് ലൈൻ നീട്ടൽ | 45/5-3-18 | 41000 | - | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. തിരിച്ചടവിന്റെ വിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം. / തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ഇ.എം. എസ് ഭവന നിർമ്മാണം | സ.ഉ (ആർടി) നം. 1000/2010/ തസ്വഭവ തി. 24-3-2010 | 26999400 | 9273652 | 3525000 | | 5748652 |

# 4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഒന്നുമില്ല.

# 4-6 <u>ഓഡിറ്റ് റിക്കവറി</u>

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1907 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും | രസീതി നം. / തിയതി |
|---|---|---|---|---|
| 2001-02 | 3-4 | 1907 | ശ്രീ.മുരുകേശൻ, പ്യൂൺ | 117010105868/ 30-1-2018 |

# 4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2015-16 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2015-16 | 3.7 | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80343506 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88021104 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1581 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | - | 1581 | ശ്രീമതി. ധന്യ.ടി.വി, അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ധന്യ.ടി.വി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | തളിക്കൽ വീട്, വരന്തരപ്പിള്ളി (പി.ഒ), തൃശ്ശൂർ-680303 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 9 |
| 1997-98 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 4 |
| 1998-99 | എൽ.എഫ്.പി19/1543/07 തിയതി 12-10-2011 | 10 |
| 1999-2000 | എൽ.എഫ്.പി9/990/07 തിയതി 29-02-2008 | 7 |
| 2000-2001 | എൽ.എഫ്.പി9/991/07 തിയതി 8-01-2008 | 7 |
| 2001-2002 | എൽ.എഫ്.പി9/992/07 തിയതി 8-01-2008 | 7 |
| 2002-2003 | എൽ.എഫ്.പി6/202/08 തിയതി 19.9.10 | 5 |
| 2003-2004 | എൽ.എഫ്.പി6/342/08 തിയതി 6.9.10 | 12 |
| 2004-2005 | എൽ.എഫ്.പി6/77/08 തിയതി 2.9.10 | 1 |
| 2005-2006 | എൽ.എഫ്.പി8/1278/11 തിയതി 16.12.11 | 6 |
| 2006-2007 | എൽ.എഫ്.പി8/1279/11 തിയതി 10.11.11 | 8 |
| 2007-2008 | എൽ.എഫ്.പി8/2208/12 തിയതി 5.2.13 | 6 |
| 2008-2009 | എൽ.എഫ്.പി8/1677/12 തിയതി 31.12.12 | 8 |
| 2009-2010 & 2010-2011 | എൽ.എഫ്.പി8/1006/13 തിയതി17.3.2014 | 7 |
| 2011-2012 | എൽ.എഫ്.പി8/1949/14 തിയതി 4.2.15 | - |
| 2012-13 | എൽ.എഫ്.പി19/464/15 തിയതി 13.4.15 | 4 |
| 2013-14 & 2014-15 | കെ.എസ്.എ - പികെഡി8/335 /2016/7.4.16 | 5 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ - പികെഡി19/2293 /2016/28.12.16 | 1 |
| 2016-17 | കെ.എസ്.എ - പികെഡി19/1816 /2017/23.10.17 | 9 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത്

രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 17 പ്രകാരം 450410105 എന്ന ഹെഡിലെ SBT MGNREGS A/c 63087 ലെ തുക 259/- രൂപയാണ്. എന്നാൽ തൻവർഷത്തെ ലെഡ്ജർ മുന്നിരിപ്പ് 534/- രൂപയാണ് (വ്യത്യാസം 275/-രൂപ). ഈ വ്യത്യാസം Excess of Income over Expenditure എന്നതിലും കാണുന്നുണ്ട്.

2) വസ്തു നികുതി കുടിശ്ശിക ഡിസിബി രജിസ്റ്റർ പ്രകാരമുള്ള അരിയർ ഡിമാന്റ് തുക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വച്ചിട്ടുണ്ട്. വർക്ക്ഷീ

1) കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 17 പ്രകാരം 450410105 എന്ന ഹെഡിലെ SBT MGNREGS A/c 63087 ലെ തുക 259/- രൂപയാണ്. എന്നാൽ തൻവർഷത്തെ ലെഡ്ജർ മുന്നിരിപ്പ് 534/- രൂപയാണ് (വ്യത്യാസം 275/-രൂപ). ഈ വ്യത്യാസം Excess of Income over Expenditure എന്നതിലും കാണുന്നുണ്ട്.

2) വസ്തു നികുതി കുടിശ്ശിക ഡിസിബി രജിസ്റ്റർ പ്രകാരമുള്ള അരിയർ ഡിമാന്റ് തുക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വച്ചിട്ടുണ്ട്. വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

9) Line extention എന്ന പ്രോജക്ടിനു വേണ്ടി KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 1648346/- രൂപ"Advance to implementing agencies" എന്ന ശീർഷകത്തിൽ ചേർക്കാതെ Fixed Asset ആയാണ് കാണിച്ചിട്ടുള്ളത്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## വിവിധ പത്രികകൾ

### 1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

**Kollengode Grama Panchayat**
**Receipt And Payment Statement**
**For the period from 01-April-2017 To 31-March-2018**

| ***Code*** | ***Head Account*** | ***Schedule*** | ***Amount(Rs.)*** |
|---|---|---|---|
| **Opening Balance** | | | |
| Bank | | RP-40(a) | 1,14,45,252.00 |
| Cash | | RP-40(a) | 0.00 |
| | **Receipts** | | |
| **Operating** | | | |
| 110000000 | Tax Revenue | RP-1 | 18,97,955.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 3,500.00 |
| 140000000 | Fees & User Charges | RP-4 | 8,31,657.00 |
| 150000000 | Sale & Hire Charges | RP-5 | 1,74,698.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6,13,38,140.00 |
| 171000000 | Interest Earned | RP-9 | 37,187.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 79,68,088.00 |
| 350000000 | Other Liabilities | RP-36 | 6,07,493.00 |
| **Non Operating** | | | |
| 180000000 | Other Income | RP-10 | 18,298.00 |
| 340000000 | Deposits Received | RP-34 | 4,77,665.00 |
| 350000000 | Other Liabilities | RP-36 | 4,32,586.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 54,73,042.00 |
| 460000000 | Loans, Advances and Deposits | RP-47 | 10,83,197.00 |
| **Grand Total** | | | **9,17,88,758.00** |
| | **Payments** | | |
| **Operating** | | | |
| 210000000 | Establishment Expenses | RP-11 | 43,48,793.00 |
| 220000000 | Administrative Expenses | RP-12 | 9,94,724.00 |
| 230000000 | Operations & Maintenance | RP-13 | 39,23,992.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 54,67,861.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 2,04,67,254.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 13,46,200.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | RP-18 | 6,91,181.00 |

| | | | |
|---|---|---|---|
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentrali | RP-19 | 5,19,760.00 |
| 255000000 | Maintenance Projects | RP-20 | 95,95,240.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 44,500.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25,990.00 |
| 280000000 | Prior Period Item | RP-26 | -4,950.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 99,72,232.00 |
| 350000000 | Other Liabilities | RP-36 | 67,01,217.00 |
| **Non Operating** | | | |
| 240000000 | Interest & Finance Charges | RP-14 | 1,298.00 |
| 280000000 | Prior Period Item | RP-26 | -7,550.00 |
| 290000000 | Transfer to Reserve Funds | RP-27 | 0.00 |
| 330000000 | Secured Loans | RP-32 | 35,25,000.00 |
| 340000000 | Deposits Received | RP-34 | 1,04,411.00 |
| 350000000 | Other Liabilities | RP-36 | 31,74,409.00 |
| 410000000 | Fixed Assets | RP-38 | 98,76,615.00 |
| 412000000 | Capital Work In Progress | RP-40 | 5,42,932.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 53,84,761.00 |
| 460000000 | Loans, Advances and Deposits | RP-47 | 13,25,234.00 |
| **Closing Balance** | | | |
| | Bank | RP-40(b) | 36,24,735.00 |
| | Cash | RP-40(b) | 1,42,919.00 |
| **Grand Total** | | | **9,17,88,758.00** |

## 2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

**Kollengode Grama Panchayat**
**Income & Expenditure Statement**
**For the period from 01-April-2017 to 31-March-2018**

| ***Code*** | | ***Head Of Account*** | ***Schedule*** | ***Amount(Rs.)*** |
|---|---|---|---|---|
| **Income** | | | | |
| | 110000000 | Tax Revenue | I-1 | 60,11,161.00 |
| | 130000000 | Rental Income from Panchayat Properties | I-3 | 12,93,942.00 |
| | 140000000 | Fees & User Charges | I-4(b) | 11,93,457.00 |
| | 150000000 | Sale & Hire Charges | I-5(b) | 1,76,348.00 |
| | 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 12,29,24,533.00 |
| | 171000000 | Interest Earned | I-8 | 37,187.00 |

| | | | | |
|---|---|---|---|---|
| | 180000000 | Other Income | I-9 | 18,298.00 |
| **A** | **Total-Income** | | | **13,16,54,926.00** |
| **Expenditure** | | | | |
| | 210000000 | Establishment Expenses | I-10(b) | (1,36,93,933.00) |
| | 220000000 | Administrative Expenses | I-11(b) | (9,94,724.00) |
| | 230000000 | Operations & Maintenance | I-12(b) | (42,17,161.00) |
| | 240000000 | Interest & Finance Charges | I-13 | (1,298.00) |
| | 250000000 | Decentralised Plan Programme - Productive Sector | I-14 | (94,83,738.00) |
| | 251000000 | Decentralised Plan Programme - Service Sector | I-14(a) | (3,80,52,179.00) |
| | 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | (13,46,200.00) |
| | 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | (6,91,181.00) |
| | 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | (5,29,17,760.00) |
| | 255000000 | Maintenance Projects | I-14(e) | (95,95,240.00) |
| | 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | (44,500.00) |
| | 260000000 | Grants, Contributions and Compensations from Own Fund | I-15 | (25,990.00) |
| **B** | **Total-Expenditure** | | | **(13,10,63,904.00)** |

## 3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം (Audited Abstract)

**Kollengode Grama Panchayat**
**BALANCE SHEET**
**As on 31-March-2018**

| **Code No.** | **Description of Items** | **Schedule No** | **Amount** |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve& Surplus** | | |

| | | | |
|---|---|---|---|
| 310000000 | Muncipal (General) Fund [Code No 310] | B-1 | 8420930.45 |
| 312000000 | Reserves | B-3 | 60480319.00 |
| | ***Total Reserve& Surplus*** | | **68901249.45** |
| | **Grants,Contributions for specific purposes** | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 4226462.00 |
| | ***Total Grants,Contributions for specific purposes*** | | **4226462.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 5748652.00 |
| | ***Total Loans*** | | **5748652.00** |
| | **Current Liabilities and Provisions** | | |
| 340000000 | Deposits Received | B-7 | 1390026.00 |
| 350000000 | Other Liabilities | B-9 | 1370100.65 |
| | ***Total Current Liabilities and Provisions*** | | **2760126.65** |
| | **TOTAL LIABILITIES** | | **81636490.10** |
| | **ASSETS** | | |
| | **Current Liabilities and Provisions** | | |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.00 |
| | ***Total Current Liabilities and Provisions*** | | **0.00** |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 62416283.00 |
| 412000000 | Capital Work In Progress | B-11(a) | 1592552.00 |
| | ***Total Fixed Assets*** | | **64008835.00** |
| | **Current Assets,Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 11800.00 |
| 431000000 | Sundry Debtors (Receivables) | B-15 | 7864815.10 |
| 440000000 | Pre-paid Expenses | B-16 | 5748652.00 |
| 450000000 | Cash and Bank balance | B-17 | 3767654.00 |
| 460000000 | Loans, Advances and Deposits | B-18 | 234734.00 |
| | ***Total Current Assets,Loans and Advances*** | | **17627655.10** |
| | **TOTAL ASSETS** | | **81636490.10** |

ഡെപ്യൂട്ടി ഡയറക്ടർ.